**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1652** **31-08-2022 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം ജില്ലാ കൃഷിത്തോട്ട വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം (സംയോജിത കൃഷി സംവിധാനം) ന്റെ ഭാഗമായി ലംബമായുള്ള കൃഷി രീതി (വെർട്ടിക്കൽ ഫാമിംഗ് സിസ്റ്റം), കോഴി വളർത്തൽ, നൂതന ആട് വളർത്തൽ ഷെഡ്, താറാവ് ഷെഡും കുളവും, സംയോജിതകൃഷി സംവിധാനം നടപ്പാക്കി വരുന്ന ഭാഗത്ത് തറയോട് ഇട്ട് വൃത്തിയാക്കൽ, സൗരോർജ്ജ വിളക്കുകൾ, സ്റ്റീൽ കൊണ്ട് തയ്യാറാക്കിയ മുയൽ കൂടുകൾ, മുയൽ കൂടുകൾക്ക് സംരക്ഷണം നൽകുന്ന ഷെഡ് നിർമ്മാണം തുടങ്ങിയവ നിർമ്മിക്കുകയുണ്ടായി.<br><br>ആർ.കെ.വി.വൈ. പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും "ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനവും, വിതരണവും" എന്ന 2020-21 വർഷ സംസ്ഥാന പദ്ധതിയുടെ ഭാഗമായി 'ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം' എന്ന ഘടകത്തിനു കീഴിൽ ഫാം ഓഫീസ് കെട്ടിട നവീകരണവും ശുചിമുറി നിർമ്മാണവും, വിവിധ ബ്ലോക്കുകളിൽ തൊഴിലാളികൾക്ക് ശുചിമുറി നിർമ്മാണം, പഴയ ഷെഡിനെ ട്രയിനിംഗ് ഹാളാക്കി മാറ്റൽ തുടങ്ങിയ പ്രവർത്തികളും നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ കാലയളവിൽ എത്ര തുകയുടെ പദ്ധതികളാണ് പ്രസ്തുത കൃഷി ഫാമിൽ നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (ബി) | ടി പദ്ധതികൾക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കൃഷിത്തോട്ടത്തിന്റെ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിന്റെ സമഗ്ര വികസനത്തിനായി സംയോജിത കൃഷി രീതി എന്ന പദ്ധതിയിൽ പത്ത് കോടി രൂപ ആർ.കെ.ഐ. പ്രകാരം അനുവദിച്ചിരിക്കുന്നു. ഈ പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | കെ.എൽ.ഡി.സി. ഏറ്റെടുത്ത് നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കർഷകർക്കുള്ള പരിശീലനവും അതിഥി മന്ദിരവും<br><br>2.ചെറുകിട സംസ്കരണ യൂണിറ്റ് (ഫാം ഉൽപ്പന്നങ്ങളുടെ)<br><br>3. തടയണ നിർമ്മാണം<br><br>4.നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംരക്ഷിത കൃഷി നിർമ്മിതികൾ<br><br>5. സംയോജിത കൃഷി രീതി - കുളങ്ങളും കൂടുകളും ഉൾപ്പെടെ.<br><br>6. ടോപ്പോഗ്രാഫിക് സർവ്വെയും സർവ്വയലൻസും.<br><br><u>ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നവ</u><br><br>1. സംയോജിത കൃഷി (മീൻ വളർത്തലും - കോഴി - താറാവ് വളർത്തൽ യൂണിറ്റ്)<br><br>2. കൃത്രിമ മീൻ കുളം<br><br>3. വിള പ്രദർശനശാല<br><br>4. സംരക്ഷിത കൃഷി നിർമ്മിതികളും വിൽപ്പന-പ്രദർശന ശാലയും<br><br>5. കൂൺ കൃഷി യൂണിറ്റ്<br><br>6. തൊഴിലാളികൾക്ക് പരിശീലനം<br><br>7. കൃത്യത കൃഷി രീതി സ്ഥാപിയ്ക്കലും, ജലസേചന സൗകര്യം മെച്ചപ്പെടുത്തലും<br><br>8. അതിസാന്ദ്രതാ ഫലവൃക്ഷ കൃഷി<br><br>9. ഫർണിച്ചർ, ഓഫീസ് ഉപകരണങ്ങൾ<br><br>10. ഫാമിന്റെ സമഗ്ര വിവരശേഖരണം |
| (ഡി) | പ്രസ്തുത കൃഷി ഫാമിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പലാക്കുന്നതിന് നടപടി സ്വീകരിക്കും.<br><br>നബാർഡ് ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVIൽ ഉൾപ്പെടുത്തി ടിഷ്യൂ കൾച്ചർ ലബോറട്ടറി നിർമ്മാണം, ആന്വൽ പ്ലാൻ 2022-23 ൽ ഡിപ്പാർട്ട്മെന്റൽ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് നേര്യമംഗലം ജില്ലാ |

| | | | |
|---|---|---|---|
| | | | കൃഷിത്തോട്ടത്തിൽ പുതുതായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതികൾ. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | പദ്ധതികൾ | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| | **<u>ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം (സംയോജിത കൃഷി സംവിധാനം)</u>** | |
| 1 | ലംബമായുള്ള കൃഷി രീതി (വെർട്ടിക്കൽ ഫാമിംഗ് സിസ്റ്റം) | 4.85 |
| 2 | കോഴി വളർത്തൽ | 3.75 |
| 3 | നൂതന ആട് വളർത്തൽ ഷെഡ് | 8.10 |
| 4 | താറാവ് ഷെഡും കുളവും | 7.00 |
| 5 | ഐ.എഫ്.എസ്. ഭാഗത്ത് തറയോട് ഇട്ട് വൃത്തിയാക്കൽ | 6.15 |
| 6 | സൗരോർജ്ജ വിളക്കുകൾ | 3.00 |
| 7 | സ്റ്റീൽ കൊണ്ട് തയ്യാറാക്കിയ മുയൽ കൂട്ടുകൾ | 5.50 |
| 8 | മുയൽ കൂട്ടുകൾക്ക് സംരക്ഷണം നൽകുന്ന ഷെഡ് നിർമ്മാണം | 3.65 |
| | **"ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനവും, വിതരണവും" എന്ന 2020-21 വർഷ സംസ്ഥാന പദ്ധതി** | |
| 1 | ഫാം ഓഫീസ് കെട്ടിട നവീകരണവും ശുചിമുറി നിർമ്മാണവും | 10.50 |
| 2 | വിവിധ ബ്ലോക്കുകളിൽ തൊഴിലാളികൾക്ക് ശുചിമുറി നിർമ്മാണം | 8.70 |
| 3 | പഴയ ഷെഡിനെ ട്രയിനിംഗ് ഹാളാക്കി മാറ്റൽ | 16.46 |
| | **<u>ആർ.കെ.വി.വൈ. പദ്ധതി</u>** | |
| 1 | ജലസേചന ടാങ്ക് നിർമ്മാണം | 40 |
| 2 | പോത്തിൻ തൊഴുത്ത് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും | 10 |
| 3 | പമ്പ് ഹൗസ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും | 10 |
| 4 | കന്നുകാലി ഷെഡ് നിർമ്മാണം | 40 |
| 5 | സ്മാഫ് (സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി) | 40 |
| | **ആകെ** | **217.66** |